കാവനൂർ ഗ്രാമ പഞ്ചായത്ത്

# കാവനൂർ ഗ്രാമ പഞ്ചായത്ത്

# പൗരാവകാശ രേഖ

## 2026–27

അവകാശങ്ങൾ എല്ലാവർക്കും,
സേവനങ്ങൾ എല്ലാ വീട്ടിലും




പൗരന്മാരുടെ അവകാശങ്ങൾ

സുതാര്യമായ ഭരണം

സമഗ്രമായ സേവനങ്ങൾ

സുസ്ഥിരമായ വികസനം

ഒരുമിച്ച് കുടി മുന്നോട്ട്

## കാവനൂർ ഗ്രാമപഞ്ചായത്ത്

*പൗരാവകാശ രേഖ (2026-27 സാമ്പത്തിക വർഷം)*

### 1. ആമുഖം

വികസനസംവിധാനം അതിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അടിസ്ഥാന ജനാധിപത്യ സംവിധാനം എന്ന നിലയിൽ പഞ്ചായത്തുകളുടെ പ്രവർത്തനം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. സമൂഹത്തിലെ എല്ലാതലത്തിലുമുള്ള ആളുകൾ വിവിധ സേനങ്ങൾക്കായി സമീപിക്കുന്ന ഒരു പ്രാദേശിക സർക്കാർ സംവിധാനം എന്ന നിലയിൽ പഞ്ചായത്ത് രാജ് നിയമങ്ങളെക്കുറിച്ചും ഇവിടെ നിന്ന് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുമുള്ള അറിവ് പൊതുജനങ്ങൾക്ക് ആവശ്യമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിന്നും ഏതെല്ലാം സേവനങ്ങൾ ലഭിക്കും, അത് എത്ര ദിവസത്തിനുള്ളിൽ ലഭിക്കും, അതിനായി ഹാജരാക്കേണ്ട രേഖകൾ, എത്ര ഫീസ് നൽകണം തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഓരോ പൗരനും അറിഞ്ഞിരിക്കണം.

പഞ്ചായത്തിലെ ഓരോ ജനങ്ങൾക്കും കൃത്യമായ സമയപരിധിക്കുള്ളിൽ ഏറ്റവും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭരണ സമിതി പ്രവർത്തിക്കുന്നത്. സമൂഹത്തിലെ എല്ലാ തലത്തിലുമുള്ള ജനവിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ എല്ലാ ജനങ്ങളുടേയും അറിവിലേക്കായി 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ പൗരാവകാശ രേഖ സമർപ്പിക്കുന്നു. പഞ്ചായത്തിന്റെ തുടർ പ്രവർത്തനങ്ങളിൽ എല്ലാവരുടേയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.



*സസ്നേഹം..............,*

*സുബൈദ കുട്ടക്കടവൻ*

*പ്രസിഡന്റ്*

*കാവനൂർ ഗ്രാമപഞ്ചായത്ത്*

*10/09/2026*

# ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരങ്ങൾ
3. ഭരണസമിതി & ജനപ്രതിനിധികൾ
4. ഗ്രാമപഞ്ചായത്തിന്റെ പ്രധാന ചുമതലകൾ
5. ഗ്രാമസഭ, സേവാഗ്രാം & നിയമ സംവിധാനങ്ങൾ
6. വിവരാവകാശ നിയമം (2005) & സേവനാവകാശ നിയമം (2012)
7. ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്ന പ്രധാന സേവനങ്ങൾ
10. ഘടക സ്ഥാപനങ്ങളിൽ നിന്നും/ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
11. പൊതുവായ വിവരങ്ങൾ

## 2. പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | :കാവനൂർ ഗ്രാമ പഞ്ചായത്ത്<br>കാവനൂർ പി. ഒ - 673639,<br>ഫോൺ : 0483-2862531 |
| E mail | :mpmkavanurgp@gmail.com |
| വിസ്തൃതി | :31.3 ച.കി.മീ. |
| വില്ലേജ് | :കാവനൂർ |
| താലൂക്ക് | :ഏറനാട് |
| ബ്ലോക്ക് | :അരീക്കോട് |
| ജില്ല | :മലപ്പുറം |
| ആകെ കുടുംബങ്ങൾ | :7259 എണ്ണം (2011 ലെ സെൻസസ് പ്രകാരം) |
| ആകെ ജനസംഖ്യ | :37977 എണ്ണം |
| പുരുഷൻ | :19164 എണ്ണം |
| സ്ത്രീ | :18813 എണ്ണം |
| കുട്ടികൾ | :5733 എണ്ണം |
| പട്ടികജാതി | :4209 എണ്ണം |
| പുരുഷൻ | :2071 എണ്ണം |
| സ്ത്രീ | :2138 എണ്ണം |
| പട്ടികവർഗ്ഗം | :77 എണ്ണം |
| പുരുഷൻ | :35 എണ്ണം |
| സ്ത്രീ | :42 എണ്ണം |
| സാക്ഷരത | :93.20% |
| പുരുഷൻ | :95.68% |
| സ്ത്രീ | :90.77% |

**അതിരുകൾ**

| | | |
|---|---|---|
| വടക്ക് | : | അരീക്കോട്, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | എടവണ്ണ, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | കുഴിമണ്ണ ഗ്രാമപഞ്ചായത്ത് |

## 4. ഗ്രാമപഞ്ചായത്തിന്റെ പ്രധാന ചുമതലകൾ

*(1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166(1))*

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കുക
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ, കുളങ്ങൾ, ജലസംഭരണികൾ, കനാലുകൾ എന്നിവ സംരക്ഷിക്കുക
4. ഖര-ദ്രവ മാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക
5. പരിസ്ഥിതി സംരക്ഷണം, മഴവെള്ള പാച്ചിൽ നിയന്ത്രണം, തെരുവ് വിളക്കുകൾ പരിപാലിക്കുക
6. പൊതുമാർക്കറ്റുകൾ, ശവപ്പറമ്പുകൾ, കുളിക്കടവുകൾ, വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ എന്നിവ സംരക്ഷിക്കുക
7. രോഗപ്രതിരോധ നടപടികൾ, ഭക്ഷണശാലകൾ, മാംസം/മത്സ്യം വിപണനം എന്നിവ ക്രമീകരിക്കുക
8. അപകടകരവും അസഹ്യവുമായ സ്ഥാപനങ്ങൾക്കും വളർത്തു നായ്ക്കൾക്കും ലൈസൻസ് നൽകുക
9. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നടത്തുക

## 5. ഗ്രാമസഭ, സേവാഗ്രാം & നിയമ സംവിധാനങ്ങൾ

### ഗ്രാമസഭ

73-ാം ഭരണഘടനാ ഭേദഗതി പ്രകാരം താഴെത്തട്ടിലുള്ള അടിസ്ഥാന ജനാധിപത്യ സംവിധാനമാണ് ഗ്രാമസഭ. വാർഡിലെ മുഴുവൻ വോട്ടർമാരും ഇതിൽ അംഗങ്ങളാണ്. പഞ്ചായത്ത് പദ്ധതികൾ, ഗുണഭോക്തൃ പട്ടികകൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എന്നിവ അംഗീകരിക്കുന്നത് ഗ്രാമസഭ വഴിയാണ്.

### സേവാഗ്രാം ഗ്രാമകേന്ദ്രം

ഗ്രാമസഭകളുടെ കേന്ദ്ര ഓഫീസായി പ്രവർത്തിക്കുന്നു. തർക്ക പരിഹാരം, ലഹരി ബോധവൽക്കരണം, ലിംഗനീതി ഉറപ്പാക്കൽ എന്നിവയ്ക്കായി 25 അംഗ വാർഡ് വികസന സമിതിയും 5 അയൽസഭകളും ഇതിനുകീഴിൽ പ്രവർത്തിക്കുന്നു.

### ഓംബുഡ്സ്മാൻ & ട്രിബ്യൂണൽ

- ഓംബുഡ്സ്മാൻ: തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും എതിരെയുള്ള പരാതികൾ പരിഗണിക്കുന്നു. ($10$ രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച 'Form A' വഴി തിരുവനന്തപുരം ഓഫീസിലേക്ക് അപേക്ഷിക്കാം).

- ട്രിബ്യൂണൽ: തദ്ദേശ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരെയുള്ള അപ്പീൽ 30 ദിവസത്തിനകം 'Form C' യിൽ ഫയൽ ചെയ്യാം.

## 6. വിവരാവകാശ നിയമം (2005) & സേവനാവകാശ നിയമം (2012)

വിവരാവകാശ നിയമം (RTI)

- അപേക്ഷ സമർപ്പിക്കാൻ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ആവശ്യമാണ്.
- സാധാരണ അപേക്ഷകൾക്ക് 30 ദിവസത്തിനകവും, വ്യക്തിസ്വാതന്ത്ര്യവുംജീവനുമായി ബന്ധപ്പെട്ടതാണെങ്കിൽ 48 മണിക്കൂറിനുള്ളിലും മറുപടി ലഭിക്കും.

- BPL കാർഡുടമകൾക്ക് 20 പേജ് വരെ വിവരങ്ങൾ സൗജന്യമാണ്.

- ഫീസ് നിരക്കുകൾ: F4 പേജ് – ₹3/പേജ്, പ്രിന്റഡ് – ₹2/പേജ്, CD/Electronic – ₹50.

➢ ചുമതലപ്പെട്ടവർ (കാവന്നൂർ GP): പബ്ലിക് ഇൻഫർമേഷൻ ഓഫീസർ: *സെക്രട്ടറി,*
➢ അസി. ഇൻഫർമേഷൻ ഓഫീസർ: *ഹെഡ് ക്ലർക്ക്,*
➢ അപ്പലേറ്റ് അതോറിറ്റി: *ജോയിന്റ് ഡയറക്ടർ, മലപ്പുറം*

7. ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്ന പ്രധാന സേവനങ്ങൾ

A. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

| ക്ര. നം | സേവനം | നിബന്ധനകൾ & അപേക്ഷ രീതി | സമയപരിധി |
|---|---|---|---|
| 1 | ജനന/മരണ രജിസ്ട്രേഷൻ (21 ദിവസത്തിനകം) | കെ-സ്മാർട്ട് (K-Smart) വഴി ഓൺലൈനായി അപേക്ഷിക്കുക. 21 ദിവസം വരെ ഫീസില്ല. | 7 പ്രവൃത്തി ദിവസം |
| 2 | ജനന/മരണ രജിസ്ട്രേഷൻ (21 – 30 ദിവസം വരെ) | കെ-സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കണം. ലേറ്റ് ഫീസ്: ₹2. | 7 പ്രവൃത്തി ദിവസം |
| 3 | ജനന/മരണ രജിസ്ട്രേഷൻ (30 ദിവസം മുതൽ 1 വർഷം വരെ) | 2 സെറ്റ് നിർദ്ദിഷ്ട ഫോറം, മാപ്പപേക്ഷ, 2 ഗസറ്റഡ് ഓഫീസർമാരുടെ സത്യവാങ്മൂലം. ലേറ്റ് ഫീസ്: ₹5. | ജില്ലാ രജിസ്ട്രാറുടെ ഉത്തരവിന് ശേഷം 21 ദിവസം |
| 4 | ജനന/മരണ രജിസ്ട്രേഷൻ (1 വർഷത്തിന് ശേഷം) | RDO അനുമതി, Non-Availability Certificate, മാപ്പപേക്ഷ. ലേറ്റ് ഫീസ്: ₹10. | RDO ഉത്തരവിന് ശേഷം 14 ദിവസം |
| 5 | വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ | ഇന്ത്യയിൽ എത്തി 60 ദിവസത്തിനകം കെ-സ്മാർട്ട് വഴി അപേക്ഷിക്കണം. | 3 പ്രവൃത്തി ദിവസം |

A. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

| ക്ര. നം | സേവനം | നിബന്ധനകൾ & അപേക്ഷ രീതി | സമയപരിധി |
|---|---|---|---|
| 6 | ജനന/മരണ രജിസ്റ്ററിൽ തിരുത്തലുകൾ / പേര് ചേർക്കൽ | കെ-സ്മാർട്ട് വഴി അപേക്ഷിക്കുക. തെളിവ് രേഖകൾ ഹാജരാക്കണം. ഫീസ്: ₹50. | 5 പ്രവൃത്തി ദിവസം |
| 7 | ഹിന്ദു വിവാഹ രജിസ്ട്രേഷൻ | കെ-സ്മാർട്ട് വഴി അപേക്ഷിക്കുക. വധുവിന് 18, വരന് 21 വയസ്സ് തികഞ്ഞിരിക്കണം. | 3 – 5 പ്രവൃത്തി ദിവസം |
| 8 | പൊതു വിവാഹ രജിസ്ട്രേഷൻ | നിർദ്ദിഷ്ട ഫോറം, പ്രായം തെളിയിക്കുന്ന രേഖകൾ, സാക്ഷികൾ. | 5 – 7 പ്രവൃത്തി ദിവസം |

## B. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

| ക്ര. നം | പെൻഷൻ ഇനം | പ്രധാന അർഹതാ മാനദണ്ഡങ്ങൾ | പരിശോധന & തീർപ്പ് |
|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | പ്രായം 60 വയസ്സ്, കുടുംബ വാർഷിക വരുമാനം ₹1 ലക്ഷത്തിൽ താഴെ, 3 വർഷത്തെ സ്ഥിരതാമസം. | ഗ്രാമസേവകൻ വഴി അന്വേഷണം നടത്തി 40 ദിവസത്തിനകം |
| 2 | ആഗതി / വിധവാ പെൻഷൻ | ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് / വിവാഹബന്ധം വേർപെടുത്തിയ രേഖ, വരുമാനം ₹1 ലക്ഷത്തിൽ താഴെ. | ICDS സൂപ്പർവൈസർ വഴി അന്വേഷണം നടത്തി 40 ദിവസത്തിനകം |
| 3 | ഭിന്നശേഷി പെൻഷൻ | 40% വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാനം ₹1 ലക്ഷത്തിൽ താഴെ. | ഹെൽത്ത് ഇൻസ്പെക്ടർ വഴി അന്വേഷണം നടത്തി 40 ദിവസത്തിനകം |
| 4 | കർഷക തൊഴിലാളി പെൻഷൻ | 60 വയസ്സ്, കർഷകത്തൊഴിലാളി ക്ഷേമനിധി വിട്ടുതൽ പത്രം, 10 വർഷത്തെ സ്ഥിരതാമസം. | കൃഷി അസിസ്റ്റന്റ് വഴി അന്വേഷണം നടത്തി 40 ദിവസത്തിനകം |

| B. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ | | | |
|---|---|---|---|
| ക്ര. നം | പെൻഷൻ ഇനം | പ്രധാന അർഹതാ മാനദണ്ഡങ്ങൾ | പരിശോധന & തീർപ്പ് |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | അവിവാഹിത സർട്ടിഫിക്കറ്റ്, പ്രായം 50+ വയസ്സ്, വരുമാനം ₹1 ലക്ഷത്തിൽ താഴെ. | ICDS വഴി അന്വേഷണം നടത്തി 45 ദിവസത്തിനകം |
| 6 | തൊഴിൽരഹിത വേതനം | പ്രായം 18–35, SSLC പാസ്സ്, കുടുംബ വരുമാനം ₹12,000-ൽ താഴെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ. | അപേക്ഷ ലഭിച്ചതിന്റെ തൊട്ടടുത്ത മാസം മുതൽ |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകണം, വരുമാനം ₹18,000-ൽ താഴെ, വിവാഹത്തിന് 1 മാസം മുൻപ് അപേക്ഷിക്കണം. | പഞ്ചായത്ത് കമ്മിറ്റി ശുപാർശ ചെയ്ത് കളക്ടറേറ്റ് വഴി |

## കെട്ടിടനിർമ്മാണം, നികുതി നിർണ്ണയിക്കൽ, സർട്ടിഫിക്കറ്റുകൾ, മറ്റ് സേവനങ്ങൾ

### 3. കെട്ടിടനിർമ്മാണം, നികുതി നിർണ്ണയിക്കൽ, കെട്ടിട ഉടമസ്ഥാവകാശ/ സ്ഥിര താമസ സർട്ടിഫിക്കറ്റ് നൽകൽ, ഉടമസ്ഥാവകാശം മാറ്റി നൽകൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളും നിബന്ധനകളും

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| 1 | കെട്ടിട നിർമ്മാണം നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കാൻ (NOC) | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതും ഉൾപ്പെടെ 100 ചതുരശ്ര മീറ്റർ (1080 ചതുരശ്ര അടി) വരെ തറ വിസ്തീർണ്ണമുള്ളതും രണ്ട് നിലയിൽ കവിയാത്തതുമായ വാസഗൃഹം<br>• പട്ടയം, ആധാരം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• വില്ലേജിൽ നിന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റും, ലൊക്കേഷൻ സ്കെച്ചും, ഭൂനികുതി അടച്ച രസീതിന്റെ പകർപ്പും<br>• ഭൂമി നാഷണൽ ഹൈവേയുടെ അതിർത്തിയിലാണെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (NOC)<br>• തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയാണെങ്കിൽ പ്രസ്തുത നിയമ പ്രകാരമുള്ള അനുമതിപത്രം<br>• പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്, പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ (പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന് വസ്തു അതിരിൽ നിന്നുള്ള ദൂരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം)<br>• ഫീസ് ഇല്ല | അപേക്ഷ ലഭിച്ച് പരമാവധി 15 ദിവസത്തിനകം |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| 2 | കെട്ടിട നിർമ്മാണം പെർമിറ്റ് ലഭിക്കാൻ | • 100 ചതുരശ്ര മീറ്ററിന് (1080 ചതുരശ്ര അടിക്ക് മുകളിൽ) തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്കും എല്ലാവിധത്തിലുമുള്ള വാണിജ്യാവശ്യത്തിനുള്ള നിർമ്മാണങ്ങൾക്കും<br>• കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• പട്ടയം, ആധാരം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• വില്ലേജിൽ നിന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റും, ലൊക്കേഷൻ സ്കെച്ചും, ഭൂനികുതി അടച്ച രസീതിന്റെ പകർപ്പും<br>• ഭൂമി നാഷണൽ ഹൈവേയുടെ അതിർത്തിയിലാണെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (NOC)<br>• തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയാണെങ്കിൽ പ്രസ്തുത നിയമപ്രകാരമുള്ള അനുമതിപത്രം<br>• ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലവേഷൻ / ടെറസ് പ്ലാൻ / സ്പെസിഫിക്കേഷൻ / സർവീസ് പ്ലാൻ (ലൈസൻസുള്ള ആർക്കിടെക്ട് വേണം പ്ലാൻ തയ്യാറാക്കാൻ, ലൈസൻസിന്റെ പകർപ്പ് ഹാജരാക്കണം) 3 കോപ്പി<br>• പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ)<br>• മഴവെള്ള സംഭരണി പ്ലാൻ (150 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാസ ഗൃഹങ്ങൾക്കും, 100 ചതുരശ്ര മീറ്ററിലും കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും)<br>• കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണം ചട്ടപ്രകാരമുള്ള ഫീസ്<br>• കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള | അപേക്ഷ ലഭിച്ച് പരമാവധി 30 ദിവസത്തിനകം |

| ക്രം. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| | | കാലാവധി മൂന്ന് വർഷമാണ് (പരമാവധി 3 വർഷം വീതമുള്ള 2 തവണ ദീർഘിപ്പിച്ച് നൽകും) | |
| 3 | കെട്ടിട നിർമ്മാണം പെർമിറ്റ് കൈമാറ്റം ചെയ്യൽ | • വസ്തു കൈമാറ്റം ചെയ്ത വ്യക്തികളുടെ അപേക്ഷകൾ<br>• കെട്ടിട നിർമ്മാണ പെർമിറ്റ് ഒറിജിനൽ<br>• സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖകളുടെ (പട്ടയം, ആധാരം, വില്ലേജിൽ കരം അടച്ച രസീത് എന്നിവയുടെ) സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• ഫീസ് 25 രൂപ<br>• കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം | അപേക്ഷ ലഭിച്ച് പരമാവധി 10 ദിവസത്തിനകം |
| 4 | ടെലി കമ്മ്യൂണിക്കേഷൻ ടവർ പെർമിറ്റ് ലഭിക്കാൻ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാൻ (ലൈസൻസുള്ള ആർക്കിടെക്ട് വേണം പ്ലാൻ തയ്യാറാക്കാൻ, ലൈസൻസിന്റെ പകർപ്പ് ഹാജരാക്കണം)<br>• ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ (പട്ടയം, ആധാരം, വില്ലേജിൽ കരം അടച്ച രസീത് എന്നിവ / രജിസ്റ്റർ ചെയ്ത ലീസ് ഉടമ്പടി) സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദമുള്ള വ്യക്തി നൽകുന്ന ടവറിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് (ടവർ സ്ഥിതി ചെയ്യുന്നത് കെട്ടിടത്തിന് മുകളിലാണെങ്കിൽ കെട്ടിടത്തിന്റെയും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്)<br>• വാർത്താവിനിമയ വകുപ്പുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ്<br>• ഫീസ് ടവറിന് 10000 രൂപ (പോൾ | അപേക്ഷ ലഭിച്ച് പരമാവധി 30 ദിവസത്തിനകം |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| | | സ്ക്വയറാണെങ്കിൽ 2500 രൂപ) | |
| 5 | സ്ഥലം ഡെവലപ് മെന്റിനുള്ള പെർമിറ്റ് ലഭിക്കാൻ | • K.P.B.R ചട്ടം അനുബന്ധം AA യിലുള്ള അപേക്ഷ<br>• കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• അപേക്ഷ ഫീസ് 30 രൂപ അടച്ചതിന്റെ രസീത്<br>• സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, സർവീസ് പ്ലാൻ എന്നിവ<br>• പട്ടയം, ആധാരം, വില്ലേജിൽ കരം അടച്ച രസീത് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• വില്ലേജിൽ നിന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തിയ ലൊക്കേഷൻ സ്കെച്ചും കൈവശാവകാശ സർട്ടിഫിക്കറ്റും<br>• ബന്ധപ്പെട്ട റെവന്യൂ ഡിവിഷണൽ അധികാരിയിൽ (ഇടുക്കി ആർ.ഡി.ഒ) നിന്നുള്ള അനുമതി ഉത്തരവ്<br>• ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്<br>• പെർമിറ്റ് ഫീസ് ആറിന് 750 രൂപ | അപേക്ഷയും, ആർ.ഡി.ഒ യുടെ ഉത്തരവും ലഭിച്ച് 30 ദിവസത്തിന കം |
| 6 | പുതിയ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• വസ്തുനികുതി ചട്ടം ഫാറം 2 / ഫാറം 2 എ യിലുള്ള റിട്ടേൺ<br>• പഞ്ചായത്ത് നൽകിയ NOC / പെർമിറ്റ് പകർപ്പും, കംപ്ലീഷൻ സർട്ടിഫിക്കറ്റും<br>• റെവന്യൂ വകുപ്പിൽ കെട്ടിടത്തിന്റെ One Time Tax അടച്ചതിന്റെ രസീത് | പരമാവധി 30 ദിവസത്തിന കം |
| 7 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് | • കെ സ്മാർട്ട് മുഖേന ലോഗിൻ ക്രിയേറ്റ് ചെയ്ത് സ്വന്തം പേരിൽ ഉള്ള കെട്ടിടം സിറ്റിസൺ ലോഗിനുമായി ലിങ്ക് ചെയ്യുക<br>• വാർഡ് ക്ലർക്കിന്റെ അപ്രൂവൽ ലഭിച്ചതിന് ശേഷം സിറ്റിസൺ ലോഗിനിൽ നിന്നും | വാർഡ് ക്ലാർക്കിന്റെ അപ്രൂവൽ ലഭ്യമായതിന് ശേഷം |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| | | സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ് | |
| 8 | സ്ഥിര താമസ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• ശരിയായ കെട്ടിട നമ്പറും വാർഡ് നമ്പറും ആവശ്യവും കാണിച്ചുള്ള അപേക്ഷ<br>• അപേക്ഷകൻ കെട്ടിട ഉടമസ്ഥനല്ലെങ്കിൽ ടി കെട്ടിടത്തിൽ സ്ഥിര താമസമാണെന്ന് തെളിയിക്കുന്ന രേഖ<br>• അപേക്ഷകൻ വാടകക്കാരനാണെങ്കിൽ വാടകച്ചീട്ടിന്റെ പകർപ്പ് | അപേക്ഷ ലഭിച്ച് 7 പ്രവൃത്തി ദിവസങ്ങൾ |
| 9 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• ശരിയായ കെട്ടിട നമ്പറും വാർഡ് നമ്പറും കാണിച്ചുള്ള വിറ്റയാളും വാങ്ങിയ ആളും ഒപ്പിട്ട് നൽകുന്ന സംയുക്ത അപേക്ഷ<br>• ആധാരം, വില്ലേജിൽ കരം അടച്ച രസീത് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ<br>• കൈവശ സർട്ടിഫിക്കറ്റ്<br>• കോടതിവിധി പ്രകാരമോ ലേല പ്രകാരമോ ഉള്ള വിൽപ്പനയിൽ ടി ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>• കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റിന്റെയും അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും പകർപ്പ്<br>• കൈമാറ്റത്തീയതിക്ക് ശേഷം മൂന്ന് മാസത്തിനകം ഉടമസ്ഥത മാറ്റി എടുക്കാത്ത പക്ഷം 500 രൂപ പിഴയടക്കേണ്ടതാണ് | അന്വേഷണ ത്തിന് വിധേയമായി പരമാവധി 15 ദിവസത്തിന കം |
| 10 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• ശരിയായ കെട്ടിട നമ്പറും വാർഡ് നമ്പറും | അന്വേഷണ വിധേയമായി 3 പ്രവൃത്തി |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| | ലഭിക്കുന്നതിന് | കാണിച്ചുള്ള അപേക്ഷ<br>• അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്<br>• വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് | ദിവസത്തിനുള്ളിൽ |
| 11 | ചുമത്തിയ വസ്തു നികുതിയിൻമേലുള്ള അപ്പീൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• നികുതി അധികമാണെന്ന് കാര്യകാരണങ്ങൾ രേഖപ്പെടുത്തിയ അപേക്ഷ<br>• ചുമത്തിയ നികുതി കുടിശ്ശികയില്ലാതെ അടച്ച രസീതിന്റെ പകർപ്പ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 പ്രവൃത്തി ദിവസത്തിനുള്ളിൽ |
| 12 | വസ്തുനികുതി ഒഴിവാക്കൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• നികുതി ഒഴിവാക്കുന്നതിന് കാര്യകാരണങ്ങൾ രേഖപ്പെടുത്തിയ അപേക്ഷ<br>• ചുമത്തിയ നികുതി കുടിശ്ശികയില്ലാതെ അടച്ച രസീതിന്റെ പകർപ്പ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 30 പ്രവൃത്തി ദിവസത്തിനുള്ളിൽ |

## 4. ലൈസൻസുകൾ, അനുമതികൾ

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| 1 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• സ്ഥലത്തിന്റെ രേഖ (ഒറിജിനലും പകർപ്പും) | പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തി |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| | വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി | • കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ, സമീപവാസികളുടെ സമ്മതപത്രം, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ (ആരോഗ്യ വകുപ്പ്, പി.സി.ബി, ഫയർ ഫോഴ്സ് മുതലായവ)<br>• ചട്ടപ്രകാരമുള്ള ഫീസ് അടക്കണം | ന് വിധേയമായി 15 ദിവസത്തിനകം |
| 2 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം കൈവശത്തിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖ<br>• വ്യാപാര സ്ഥാപനത്തിന്റെ ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയിരിക്കണം<br>• ആരോഗ്യവകുപ്പ് അധികാരികളിൽ നിന്നുള്ള റിപ്പോർട്ടും, ഹെൽത്ത് കാർഡും<br>• ചട്ടപ്രകാരമുള്ള ഫീസ് അടക്കണം | അപേക്ഷ ലഭിച്ച് പരമാവധി 7 ദിവസത്തിനകം |
| 3 | പട്ടി, പന്നി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ്<br>• ഫീസ് 10 രൂപ | 15 പ്രവൃത്തി ദിവസത്തിനുള്ളിൽ |
| 4 | സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങൾ / ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ പുതുക്കൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം കൈവശത്തിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖ<br>• ഫീസ് 200 രൂപ, പുതുക്കൽ ഫീസ് 50 രൂപ, വൈകുന്ന ഓരോ ദിവസത്തിനും പിഴ 100 രൂപ വീതം | അപേക്ഷ ലഭിച്ച് പരമാവധി 10 ദിവസത്തിനകം |
| 5 | കശാപ്പുശാലകൾ ആരംഭിക്കൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം | ചട്ടപ്രകാരമുള്ള |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| | | • 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവ് എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി<br>• മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ (ആരോഗ്യ വകുപ്പ്, പി.സി.ബി, ഫയർ ഫോഴ്സ്, ശുചിത്വ മിഷൻ മുതലായവ)<br>• സമീപവാസികളുടെ സമ്മതപത്രം | സമയത്തിനു ള്ളിൽ |
| 6 | പരസ്യങ്ങൾ പ്രദർശിപ്പിക്കൽ | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• പരസ്യം സ്ഥാപിക്കുന്ന സ്ഥലം, വലുപ്പം, നിർമ്മിതിയുടെ തരം മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷ<br>• പരസ്യനികുതി ബൈലോ പ്രകാരമുള്ള ഫീസ് | പരമാവധി 5 ദിവസത്തിന കം |
| 7 | ലൈവ് സ്റ്റോക്ക് ഫാം (കന്നുകാലി, ആട്, പന്നി, മുയൽ, പൗൾട്രി ഫാം എന്നിവ നടത്തുന്നതിന്) | • കെ സ്മാർട്ട് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം<br>• 5 ൽ കൂടുതൽ കന്നുകാലി, 20 ൽ കൂടുതൽ പന്നികൾ, 25 ൽ കൂടുതൽ മുയൽ, 100 ൽ കൂടുതൽ കോഴികൾ എന്നിവ വളർത്തുന്നവർ 2012 ലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിരിക്കണം<br>• ഫീസ് 100 രൂപ മുതൽ 2000 രൂപ വരെ (ഫാമിന്റെ തരം അനുസരിച്ച്) | അപേക്ഷ ലഭിച്ച് 15 ദിവസത്തിന കം |

**5. വിവരാവകാശം, രേഖകളുടെ പകർപ്പുകൾ, സേവനാവകാശം, പഞ്ചായത്ത് കമ്മിറ്റി,**

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുതലായവ

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| 1 | വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭിക്കാൻ | • 10 രൂപ സ്റ്റാമ്പ് പതിപ്പിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കെ സ്മാർട്ട് മുഖേനയോ, ഇലക്ട്രോണിക് മാധ്യമം അല്ലെങ്കിൽ തപാൽ മുഖേനയോ നൽകാവുന്നതാണ്.<br>• ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ആദ്യത്തെ 20 പേജ് വരെ ഫീസില്ല<br>• രേഖകളുടെ പകർപ്പ് ലഭിക്കാൻ ചട്ടപ്രകാരമുള്ള ഫീസ് അടക്കണം | 30 പ്രവൃത്തി ദിവസത്തിനകം |
| 2 | സേവനാവകാശനിയമ പ്രകാരമുള്ള സേവനങ്ങൾ | • ജനന രജിസ്ട്രേഷൻ, പേര് ചേർക്കൽ, താമസിച്ചുള്ള ജനന രജിസ്ട്രേഷൻ, ജനന സർട്ടിഫിക്കറ്റ്, ദത്തെടുക്കുന്ന കുട്ടിയുടെ ജനനരജിസ്ട്രേഷൻ, വിദേശത്ത് നടന്ന ജനന രജിസ്ട്രേഷൻ, ഹിന്ദു വിവാഹ രജിസ്ട്രേഷൻ, പൊതു വിവാഹ രജിസ്ട്രേഷൻ, താമസിച്ചുള്ള വിവാഹ രജിസ്ട്രേഷൻ, വിവാഹ സർട്ടിഫിക്കറ്റ്, കെട്ടിടം ഉടമസ്ഥത മാറ്റൽ, കെട്ടിട ഉടമസ്ഥത സർട്ടിഫിക്കറ്റ്, സ്ഥിര താമസ സർട്ടിഫിക്കറ്റ്, ഫാക്ടറി/വ്യവസായങ്ങൾ ആരംഭിക്കൽ, D&O ലൈസൻസ് എന്നിവയാണ് സേവനാവകാശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് | സേവനാവകാശ നിയമ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ |
| 3 | പഞ്ചായത്ത് കമ്മിറ്റിയോഗം വീക്ഷിക്കുന്നതിന് | • നിശ്ചിത ഫോറത്തിലുള്ള 5 രൂപ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ (പഞ്ചായത്ത് കമ്മിറ്റിക്ക് 1 ദിവസം മുൻപ് അപേക്ഷ നൽകണം)<br>• അഭിപ്രായം പറയുവാനോ സംസാരിക്കുവാനോ അനുവാദമില്ല<br>• അധ്യക്ഷന്റെ നിർദ്ദേശം അനുസരിക്കണം | പ്രസിഡന്റിന്റെ തീരുമാനത്തിന് വിധേയമായി അനുമതി നൽകും |
| 4 | വി ബി ജി - റാം ജി | • 18 വയസ്സ് പൂർത്തിയായവരും കായിക | ഒരു |

| ക്ര. നം | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| | പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതിന് | അധ്വാനം ചെയ്യാൻ തയ്യാറുമുള്ളവരായിരിക്കണം<br>• പഞ്ചായത്തിൽ സ്ഥിരതാമസമായിരിക്കണം (രേഖ ഹാജരാക്കണം)<br>• റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ്<br>• ആധാർ കാർഡിന്റെ പകർപ്പ്<br>• വേതനം ലഭ്യമാക്കേണ്ട ബാങ്ക് പാസ് ബുക്കിന്റെ വ്യക്തമായ പകർപ്പ് | കുടുംബത്തിന് പരമാവധി 100 തൊഴിൽ ദിനം (14 ദിവസം കൂടുമ്പോൾ കൂലി) |

പൊതുവായ നിബന്ധനകൾ:

• ആവശ്യമുള്ള പക്ഷം ഇതിൽ പറഞ്ഞിട്ടില്ലാത്ത രേഖകളോ വിശദാംശങ്ങളോ അപേക്ഷയോടൊപ്പം ആവശ്യപ്പെടാവുന്നതും, അപേക്ഷകർ ആയത് നൽകുന്നതിന് ബാദ്ധ്യസ്ഥരുമാണ്.

• സാധാരണ നിലയിൽ ഒരു സേവനം ലഭ്യമാക്കുന്നതിനുള്ള സമയക്രമമാണ് പറഞ്ഞിരിക്കുന്നത്. അതിലും കുറഞ്ഞ സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുന്നതാണ്. എന്നാൽ സർക്കാരിൽ നിന്ന് അടിയന്തരമായി ചില ജോലികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം വന്നാൽ സമയക്രമത്തിൽ മാറ്റം വരുത്തുന്നതാണ്.

• വെള്ളപേപ്പറിൽ സ്വയം തയ്യാറാക്കേണ്ടതല്ലാത്ത എല്ലാ അപേക്ഷകളും ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നിന്ന് സൗജന്യമായി ലഭിക്കുന്നതാണ്.

10. ഘടക സ്ഥാപനങ്ങളിൽ നിന്നും/ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

1. ആലടി പ്രാഥമിക ആരോഗ്യകേന്ദ്രം

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| 1 | ഡോക്ടറുടെ സേവനവും മരുന്നുകളും | എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ പരിശോധനയും മരുന്നുകളും ലഭിക്കുന്നു. | എല്ലാ പ്രവർത്തി ദിവസവും |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| 2 | പട്ടികവർഗ്ഗക്കാർ ക്കുള്ള സൗജന്യ ചികിത്സ | ട്രൈബൽ വിഭാഗത്തിൽപെട്ടവർക്ക് ലാബ് പരിശോധനയും മരുന്ന് വിതരണവും. രോഗിക്കും സഹായിക്കും ഉള്ള ഉച്ചഭക്ഷണചെലവ് നൽകുന്നു. രോഗിക്കുള്ള യാത്രാചെലവ് നൽകുന്നു. | ഫണ്ടിന്റെ ലഭ്യതയനു സരിച്ച് എല്ലാ പ്രവർത്തി ദിവസവും |
| 3 | 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സ, ആർ.ബി.എസ്.കെ സൗജന്യ ചികിത്സ | ആരോഗ്യകിരണം പദ്ധതി പ്രകാരം 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ വൈദ്യപരിശോധനയും അനുബന്ധ ചികിത്സകളും. 18 വയസ്സിൽ താഴെ പ്രായമുള്ള ജന്മനാ വൈകല്യമുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സയും റഫറൽ സൗകര്യവും. | എല്ലാ പ്രവർത്തി ദിവസവും |
| 4 | രോഗ പ്രതിരോധ കുത്തിവെപ്പുകൾ | • 7 വയസ്സിനു താഴെയുള്ള കുട്ടികൾ<br>• 10, 15 വയസ്സ് പ്രായമുള്ള കുട്ടികൾ | എല്ലാ ബുധനാഴ്ച യും |
| 5 | ഗർഭിണികൾക്ക ള്ള പ്രത്യേക ചികിത്സകൾ | • പരിശോധനയും ടെറ്റനസ് പ്രതിരോധ കുത്തിവെപ്പും<br>• അയൺ, കാത്സ്യം, ഫോളിക് ആസിഡുകളുടെ വിതരണം<br>• ഹീമോഗ്ലോബിൻ, എച്ച്.ഐ.വി, ഡയബറ്റിസ് പരിശോധന | എല്ലാ ചൊവ്വാഴ്ചയും |
| 6 | ക്ഷയരോഗ പരിശോധനയും ചികിത്സയും | • 2 ആഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ചുമയുള്ളവർ<br>• കഫത്തിൽ ക്ഷയരോഗാണുക്കളുള്ളവരുടെ കുടുംബാംഗങ്ങൾ<br>• കഫപരിശോധനയിൽ രോഗബാധിതരാണെന്ന് കാണുന്നവർ | എല്ലാ പ്രവർത്തി ദിവസവും |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| 7 | മലമ്പനി പരിശോധനയും ചികിത്സയും | • അന്യസംസ്ഥാനത്തൊഴിലാളി<br>• മലമ്പനി ബാധിത പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഇടവിട്ടുള്ള പനിയും വിറയലും കൂടിയവർ | എല്ലാ പ്രവർത്തി ദിവസവും |
| 8 | കുടിവെള്ള ശുദ്ധീകരണവും പരിശോധനയും | • കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് ബ്ലീച്ചിംഗ് പൗഡർ നൽകുന്നു.<br>• പൊതുകുടിവെള്ള സ്രോതസ്സുകളുടെ പരിശോധന സൗജന്യമായി നടത്തുന്നു.<br>• സ്വകാര്യ കുടിവെള്ള സ്രോതസ്സുകളുടെ പരിശോധനയ്ക്കാവശ്യമായ ജലം, ബോട്ടിൽ സീൽ ചെയ്ത് നൽകുന്നു. | എല്ലാ പ്രവർത്തി ദിവസവും (ആവശ്യങ്ങ ൾക്കനുസരി ച്ച്) |
| 9 | ആരോഗ്യ ബോധവൽക്കരണ പരിപാടികൾ | അങ്കണവാടികൾ, കുടുംബശ്രീ സംഘങ്ങൾ, ക്ലബ്ബുകൾ കേന്ദ്രീകരിച്ച്. | എല്ലാ പ്രവർത്തി ദിവസവും (ആവശ്യങ്ങ ൾക്കനുസരി ച്ച്) |
| 10 | ജീവിതശൈലി രോഗ ക്ലിനിക്കുകൾ | • 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ആളുകൾക്കും സബ് സെന്ററുകളും, പി.എച്ച്.സിയും കേന്ദ്രീകരിച്ച് ബി.പി, ഡയബറ്റിസ് പരിശോധന.<br>• സി.എച്ച്.സി ലാബിൽ പ്രമേഹം, ബോഡിമാസ് ഇൻഡക്സ്, രക്തസമ്മർദ്ദം പരിശോധന. | സബ് സെന്ററുകളി ൽ എല്ലാ തിങ്കളാഴ്ചയും ഉച്ചകഴിഞ്ഞ് . സി.എച്ച്.സി കളിൽ എല്ലാ തിങ്കളാഴ്ചയും രാവിലെ. |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| | | | എല്ലാ പ്രവർത്തി ദിവസവും സി.എച്ച്.സി ലാബിൽ പരിശോധന. |
| 11 | കുടുംബക്ഷേമ മാർഗ്ഗങ്ങൾ | 18 നും 45 നും ഇടയ്ക്ക് പ്രായമുള്ള അർഹരായ ദമ്പതികൾക്ക് താൽക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 12 | കൊതുക് നിയന്ത്രണ പരിപാടികൾ | കൊതുക് ജന്യ രോഗബാധിത പ്രദേശങ്ങളിൽ. | ആവശ്യമുള്ളപ്പോൾ |
| 13 | അങ്കണവാടികൾ കേന്ദ്രീകരിച്ചുള്ള മെഡിക്കൽ ക്യാമ്പ് | പഞ്ചായത്ത് പ്രദേശത്തെ എല്ലാ അങ്കണവാടികളും കേന്ദ്രീകരിച്ച് എല്ലാ കുട്ടികളുടെയും വൈദ്യപരിശോധന. | ആവശ്യമുള്ളപ്പോൾ |
| 14 | ഹെൽത്ത് കാർഡ് വിതരണം | • പൂരിപ്പിച്ച അപേക്ഷ<br>• 2 പാസ്സ്പോർട്ട് ഫോട്ടോ<br>• തിരിച്ചറിയൽ കാർഡിന്റെ കോപ്പി | അപേക്ഷ കിട്ടി 7 ദിവസത്തിനുള്ളിൽ |
| 15 | സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | • 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>• തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br>• മാലിന്യ സംസ്കരണത്തിന്റെ സ്കെച്ചും പ്ലാനും<br>• കുടിവെള്ളത്തിന്റെ സാമ്പിൾ പരിശോധന സർട്ടിഫിക്കറ്റ്<br>• നേരിട്ടുള്ള സ്ഥലപരിശോധനാ റിപ്പോർട്ട് | നേരിട്ടുള്ള സ്ഥലപരിശോധന നടത്തി 14 ദിവസത്തിനുള്ളിൽ |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്ന തിനുള്ള കാലപരിധി |
|---|---|---|---|
| 16 | മെഡിക്കൽ സർട്ടിഫിക്കറ്റ് | • വ്യക്തി നേരിട്ട് പരിശോധനയ്ക്ക് വിധേയമാകണം<br>• അംഗീകൃത ഫീസ് നൽകണം | മെഡിക്കൽ ഓഫീസറുള്ള എല്ലാ പ്രവർത്തി ദിവസവും |
| 17 | പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | • വ്യക്തി നേരിട്ട് പരിശോധനയ്ക്ക് വിധേയമാകണം<br>• പ്രായം തെളിയിക്കുന്ന എന്തെങ്കിലും രേഖ ഹാജരാക്കണം | മെഡിക്കൽ ഓഫീസറുള്ള എല്ലാ പ്രവർത്തി ദിവസവും |
| 18 | ലൈംഗികരോഗ പരിശോധനയും ചികിത്സയും | രോഗ പരിശോധന ആവശ്യമായ ആളുകൾക്ക്. | എല്ലാ പ്രവർത്തി ദിവസവും |
| 19 | കൗമാര ആരോഗ്യ പരിപാടികൾ | പഞ്ചായത്തിലെ എല്ലാ അങ്കണവാടികളിലെയും കൗമാര ക്ലബ്ബുകൾ കേന്ദ്രീകരിച്ച്. | ആവശ്യമുള്ളപ്പോൾ |
| 20 | പൊതുജനാരോഗ്യ സംബന്ധമായ പരാതികൾക്കുള്ള പരിഹാരം | പി.എച്ച്.സി യിൽ ലഭിക്കുന്ന പരാതി. | 14 ദിവസത്തിനുള്ളിൽ |
| 21 | സ്കൂൾ ആരോഗ്യ പരിപാടികൾ | പി.എച്ച്.സി ഏരിയയിലുള്ള വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് പരിശോധന, പ്രതിരോധ കുത്തിവെപ്പുകൾ, ബോധവൽക്കരണ പരിപാടികൾ. | വർഷത്തിലൊരിക്കൽ |
| 22 | ജനനി സുരക്ഷാ യോജന ആനുകൂല്യം | ഗവൺമെന്റ് ആശുപത്രിയിൽ നടക്കുന്ന എല്ലാ പ്രസവങ്ങൾക്കും. | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 23 | പാലിയേറ്റീവ് പരിചരണ പദ്ധതി | • പഞ്ചായത്ത് പ്രദേശത്തെ എല്ലാ കിടപ്പുരോഗികളുടെയും | ഭവനസന്ദർശനം എല്ലാ |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| | | ഭവനസന്ദർശനം, പരിചരണം<br>• സി.എച്ച്.സി ഒ.പി യിൽ നിന്ന് സൗജന്യമായി മരുന്ന് നൽകലും | മാസത്തിലും 16 ദിവസം വീതം, പ്രത്യേക പാലിയേറ്റീവ് ഒ.പി യും മരുന്ന് വിതരണവും. |
| 24 | പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ | • പി.എച്ച്.സി പ്രദേശത്തെ എല്ലാ ജനങ്ങൾക്കും<br>• അതാത് സമയത്ത് ആവശ്യകതയനുസരിച്ച് | ആവശ്യമുള്ള സമയങ്ങളിൽ |
| 25 | ലാബ് പരിശോധന | • രക്തപരിശോധന<br>• കണ്ണ് പരിശോധന | എല്ലാ പ്രവർത്തി ദിവസങ്ങളിലും |

2. കാവന്നൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| 1 | കാർഷിക വിജ്ഞാന വ്യാപനം | ഓഫീസ് വഴി ആവശ്യപ്രകാരം കാർഷിക അറിവുകൾ നൽകുന്നു. | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 2 | സൗജന്യ മണ്ണ് പരിശോധന | മുഴുവൻ കർഷകർക്കും ആവശ്യമുള്ളപക്ഷം പ്രയോജനപ്പെടുത്താം. | എല്ലാ പ്രവർത്തി ദിവസവും |
| 3 | കേന്ദ്ര-സംസ്ഥാന | ചെറുകിട നാമമാത്ര കർഷകർക്ക് | എല്ലാ |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| | സർക്കാറുകളുടെ കാർഷിക വികസന പദ്ധതികൾ | മാനദണ്ഡങ്ങൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും. | പ്രവർത്തി ദിവസവും |
| 4 | ത്രിതല പഞ്ചായത്ത് വാർഷിക പദ്ധതികൾ | ചെറുകിട നാമമാത്ര കർഷകർക്ക് മാനദണ്ഡങ്ങൾക്കും ഗ്രാമസഭാ തീരുമാനത്തിനും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച്. | എല്ലാ പ്രവർത്തി ദിവസവും |
| 5 | കാർഷികമേഖലയിലെ സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലനങ്ങൾ | സർക്കാർ നിർദ്ദേശങ്ങൾക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസരിച്ച്. | ആവശ്യാനുസരണം |
| 6 | ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ | ലഭ്യതയനുസരിച്ച്. | ആവശ്യാനുസരണം |
| 7 | പ്രകൃതിക്ഷോഭദുരിതാശ്വാസം കാർഷികവിളകൾക്ക് നഷ്ടപരിഹാരതുക അനുവദിക്കൽ | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരുടെ അപേക്ഷയിൽ അന്വേഷണം നടത്തുകയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച്. | ആവശ്യാനുസരണം |
| 8 | രാസവളം, കീടനാശിനി ഗുണനിലവാര പരിശോധന | സാമ്പിൾ സമർപ്പിക്കുന്ന മുറയ്ക്ക് നിശ്ചിത ഫീസ് ഈടാക്കി ലാബിൽ അയച്ച് റിസൾട്ട് ലഭ്യമാക്കുന്നു. | എല്ലാ പ്രവർത്തി ദിവസങ്ങളിലും |
| 9 | വിള ഇൻഷുറൻസ് | വിളയുടെ വിസ്തൃതിയ്ക്കനുസരിച്ച് ഇൻഷുറൻസ് പ്രീമിയം അടക്കണം. | എല്ലാ പ്രവർത്തി ദിവസങ്ങളിലും |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ, അപേക്ഷിക്കേണ്ട വിധം, ഫീസ് | സേവനം ലഭ്യമാകുന്നതിനുള്ള കാലപരിധി |
|---|---|---|---|
| 10 | കർഷക പെൻഷൻ | കുറഞ്ഞത് 10 സെന്റ് പട്ടയമുള്ള കൃഷിഭൂമി സ്വന്തം പേരിൽ ഉള്ള 60 വയസ്സ് കഴിഞ്ഞ ചെറുകിട നാമമാത്ര കർഷകർക്ക്. | അപേക്ഷയിൽ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ |
| 11 | വളം, കീടനാശിനി വിൽക്കുന്നതിനുള്ള ലൈസൻസ് | • കൃഷി വകുപ്പിന്റെ നിബന്ധനകൾ പാലിക്കണം<br>• ഫീസ്: കീടനാശിനി – 350 രൂപ, വളം – 38 രൂപ<br>• കൃഷി ജോയിന്റ് ഡയറക്ടറുടെ അനുമതി | അപേക്ഷ കിട്ടി 15 ദിവസത്തിനുള്ളിൽ |
| 12 | കേരള കർഷകൻ മാസിക | വാർഷിക വരിസംഖ്യ 100 രൂപ നിരക്കിൽ കൃഷിഭവനിൽ അടച്ച് വരിക്കാരനാകാം. | എല്ലാ മാസത്തിലും 1 വീതം |

3. കാവന്നൂർ പഞ്ചായത്ത് അങ്കണവാടികളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ |
|---|---|---|
| 1 | അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം | 3-6 വയസ്സിന് ഇടയിലുള്ള അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ. |
| 2 | ആരോഗ്യ പോഷക വിദ്യാഭ്യാസം | കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും അങ്കണവാടി വഴി എല്ലാ മാസവും ലഭ്യമാകുന്നു. |
| 3 | ആരോഗ്യ പ്രതിരോധ കുത്തിവെപ്പ് | എല്ലാ മാസവും ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്നു. |
| 4 | പൂരക | 1. ഗർഭിണികൾ: അങ്കണവാടിയിൽ രജിസ്റ്റർ |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ |
|---|---|---|
| | പോഷകാഹാരം | ചെയ്യുന്നത് മുതൽ ദിവസവും പാകം ചെയ്ത പോഷകാഹാരം നൽകുന്നു.<br>2. പാൽ നൽകുന്ന അമ്മമാർ: അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന അമ്മമാർക്ക് പ്രസവം മുതൽ 6 മാസം വരെ പാകം ചെയ്ത പോഷകാഹാരം നൽകുന്നു.<br>3. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ: കുട്ടികൾക്ക് പ്രതിമാസം 3.375 കിലോഗ്രാം അമൃതം ന്യൂട്രിമിക്സ് നൽകുന്നു.<br>4. 3-6 വയസ്സ് വരെയുള്ള കുട്ടികൾ: അങ്കണവാടിയിൽ ഹാജരാകുന്ന കുട്ടികൾക്ക് മോർണിംഗ് സ്നാക്ക്സ്, ഉച്ചക്കഞ്ഞി, 3 മണിക്ക് ജനറൽ ഫീഡിംഗ് എന്നീ പാകം ചെയ്ത പോഷകാഹാരം നൽകുന്നു.<br>5. 14 നും 18 നും ഇടയിലുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക്: പ്രതിമാസം 4 കിലോഗ്രാം വേവിക്കാത്ത പോഷകാഹാരം നൽകുന്നു (റാഗി, ഗോതമ്പുപൊടി, ശർക്കര, നിലക്കടല/പയർ). |
| 5 | പരാമർശ സേവനം | അങ്കണവാടി പ്രവർത്തകർ ഭവനസന്ദർശന സമയത്ത് കണ്ടെത്തുന്ന രോഗികളെ ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു. |

## 4. സാമൂഹ്യനീതി വകുപ്പ് വഴിയുള്ള മറ്റ് സേവനങ്ങൾ

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ / വിവരങ്ങൾ |
|---|---|---|
| 1 | ആശ്വാസകിരണം പദ്ധതി | 1. രോഗികളെ പരിചരിക്കുന്ന വ്യക്തിക്ക് നൽകുന്നു.<br>2. അപേക്ഷകൻ ബി.പി.എൽ കുടുംബത്തിലെ അംഗമാകണം.<br>3. വരുമാന പരിധി 24000/- രൂപയിൽ കവിയരുത്.<br>4. റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ / വിവരങ്ങൾ |
|---|---|---|
| | | എന്നിവയുടെ പകർപ്പ് ഹാജരാക്കണം.<br>5. മറ്റ് പെൻഷനുകൾ ലഭിക്കുന്ന ആളാകരുത്. |
| 2 | സൈക്കോ സോഷ്യൽ സർവീസസ് | കൗമാരക്കാര പെൺകുട്ടികൾക്ക് ഗവൺമെന്റ് സ്കൂളുകൾ വഴി കൗൺസിലിംഗ് നടത്തുന്നു. |
| 3 | സ്കോളർഷിപ്പ് | വനിതകൾ ഗൃഹനാഥരായവരുടെ 2 കുട്ടികൾക്ക് വീതം പ്രതിവർഷം നൽകുന്നു.<br>ഹാജരാക്കേണ്ട രേഖകൾ:<br>1. വനിതകൾ ഗൃഹനാഥരാണെന്ന് തെളിയിക്കുന്ന രേഖ<br>2. റേഷൻ കാർഡിന്റെ കോപ്പി<br>3. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br>4. ബി.പി.എൽ. സർട്ടിഫിക്കറ്റ്<br>5. കുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം |
| 4 | മിശ്രവിവാഹിതർക്ക് ധനസഹായം | 1. വിവാഹം കഴിഞ്ഞ് 1 വർഷത്തിന് ശേഷവും 2 വർഷത്തിന് മുൻപും അപേക്ഷിക്കണം.<br>2. അപേക്ഷകർ ബി.പി.എൽ ആയിരിക്കണം.<br>3. വ്യത്യസ്ത മതവിഭാഗത്തിൽപെട്ടവരാണെന്ന് തെളിയിക്കുന്ന രേഖ.<br>4. വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്. |
| 5 | സ്നേഹസ്പർശം | അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസ ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ട സഹായം നൽകുന്നു. |
| 6 | സ്നേഹപൂർവ്വം | മാതാപിതാക്കൾ 2 പേരുമോ ഒരാളോ മരണപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്.<br>നിബന്ധനകൾ:<br>1. ബി.പി.എൽ കുടുംബത്തിൽ പെട്ടവരായിരിക്കണം.<br>2. പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം.<br>3. മറ്റ് ഗ്രാന്റുകൾ ലഭിക്കാത്ത കുട്ടിയായിരിക്കണം. |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ / വിവരങ്ങൾ |
|---|---|---|
| 7 | മംഗല്യ (വിധവാ വിവാഹ പ്രോത്സാഹന പദ്ധതി) | നിബന്ധനകൾ:<br>1. ആദ്യ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.<br>2. പുനർ വിവാഹം ചെയ്തതിന്റെ രേഖ.<br>3. ബി.പി.എൽ ആയിരിക്കണം.<br>4. റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ കോപ്പി. |
| 8 | വികലാംഗ തിരിച്ചറിയൽ കാർഡ് | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. |

5. ഹോമിയോ ഡിസ്പെൻസറിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ |
|---|---|---|
| 1 | ഡോക്ടറുടെ സേവനവും മരുന്നുകളും | എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ പരിശോധനയും മരുന്നുകളും ലഭിക്കുന്നു. |
| 2 | ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | കുടുംബശ്രീ, അങ്കണവാടി, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു. |

6. ആയുർവേദ ഡിസ്പെൻസറികൾ വഴി ലഭിക്കുന്ന സേവനങ്ങൾ

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ |
|---|---|---|
| 1 | ഡോക്ടറുടെ സേവനവും മരുന്നുകളും | എല്ലാ ദിവസവും രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ പരിശോധനയും സൗജന്യമായി മരുന്നുകളും ലഭിക്കുന്നു (മരുന്നുകൾ ആശുപത്രി സ്റ്റോക്കിലുള്ളവ മാത്രം).<br>** ഒ.പി.ഡി ടിക്കറ്റ് ഫീസ് – 5 രൂപ (എസ്.ടി വിഭാഗത്തിന് ഫീസില്ല)* |

| ക്ര. നമ്പർ | ലഭിക്കുന്ന സേവനം | നിബന്ധനകൾ |
|---|---|---|
| 2 | സ്പെഷ്യൽ ക്ലിനിക്കുകൾ | മാസത്തിലൊരിക്കൽ പാലിയേറ്റീവ് കെയർ രോഗികളെ വീടുകളിലെത്തി പരിശോധിച്ച ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. |
| 3 | ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | കുടുംബശ്രീ, അങ്കണവാടി, സന്നദ്ധ സംഘടനകൾ, റസിഡൻ്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു. |
| 4 | സർട്ടിഫിക്കറ്റുകൾ | മെഡിക്കൽ സർട്ടിഫിക്കറ്റ് (സ്ഥാപനത്തിൽ ചികിത്സയിലുള്ളവർക്ക് മാത്രം), ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (പ്രായം തെളിയിക്കുന്ന എന്തെങ്കിലും രേഖകൾ ഹാജരാക്കണം), ഫോട്ടോ സാക്ഷ്യപ്പെടുത്തൽ, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ എന്നീ സേവനങ്ങൾ മെഡിക്കൽ ഓഫീസറുള്ള ദിവസങ്ങളിൽ ലഭ്യമാണ്. |

### 7. മൃഗാശുപത്രി വഴി ലഭിക്കുന്ന സേവനങ്ങൾ

1. പക്ഷിമൃഗാദികളുടെ ചികിത്സ
2. പക്ഷിമൃഗാദികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ
3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജദാന സൗകര്യം ലഭ്യമാക്കുക
4. മൃഗങ്ങൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾ തടയുന്നതിന് രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക
5. പശു, എരുമ മുതലായ കന്നുകാലികളെയും പക്ഷികളെയും ഇൻഷുറൻസ് ചെയ്യുന്നതിന് ക്രമീകരണം നൽകുക
6. കന്നുകാലികൾക്ക് വന്ധ്യത നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക
7. മൃഗസംരക്ഷണ മേഖലയിൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുക
8. പക്ഷി-മൃഗാദികളുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾക്കും, വരുമാന വർദ്ധന പരിപാടികൾക്കും മാർഗ്ഗനിർദ്ദേശം നൽകുക
9. ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതികളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള

മൃഗസംരക്ഷണ-ക്ഷീരവികസനമേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കുക
10. ജന്തുജന്യ രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ
11. ഫീസ്: ഓമനമൃഗങ്ങളുടെ ചികിത്സാ ഫീസ് – 5 രൂപ, പേവിഷത്തിനുള്ള വാക്സിനേഷൻ ഫീസ് – 5 രൂപ

## 11. പൊതുവായ വിവരങ്ങൾ

---

### 1. പഞ്ചായത്തിന് ലഭിക്കേണ്ട വിവിധ നികുതികൾ യഥാസമയം അടയ്ക്കാതിരുന്നാലുണ്ടാകുന്ന പിഴപ്പലിശ വിവരങ്ങൾ

| ക്ര. നമ്പർ | നികുതി ഇനം | പിഴപ്പലിശ തീയതി |
|---|---|---|
| 1 | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽനികുതി (തൊഴിലുടമ/ഓഫീസ് മേധാവി വഴിയുള്ളത്) | സെപ്റ്റംബർ 1 മുതൽ (പ്രതിമാസം 1 ശതമാനം നിരക്കിൽ) |
| 2 | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി (തൊഴിലുടമ/ഓഫീസ് മേധാവി വഴിയുള്ളത്) | മാർച്ച് 1 മുതൽ (പ്രതിമാസം 1 ശതമാനം നിരക്കിൽ) |
| 3 | ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി (ഇടപാട് നടത്തുന്നവരിൽ നിന്നും) | ഡിമാന്റ് നോട്ടീസിൽ നൽകിയിട്ടുള്ള തീയതിക്ക് ശേഷം |
| 4 | വസ്തുനികുതി 1-ാം അർദ്ധവർഷം | ഒക്ടോബർ 1 മുതൽ |
| 5 | വസ്തുനികുതി 2-ാം അർദ്ധവർഷം | ഏപ്രിൽ 1 മുതൽ |
| 6 | ഇതര നികുതികൾ / ഫീസുകൾ | ഡിമാന്റ് നോട്ടീസിൽ നൽകിയിട്ടുള്ള തീയതിക്ക് ശേഷം |

** പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന*

*മുഴുവൻ വ്യക്തികളും സ്ഥാപനങ്ങളും വർഷാരംഭത്തിന് മുൻപോ, ഏപ്രിൽ 30 നോ നിയമപ്രകാരമുള്ള ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. പഞ്ചായത്ത് റെക്കോർഡിലുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്ത് വാങ്ങുന്നവർ കൈമാറ്റത്തീയതിക്ക് ശേഷം മൂന്ന് മാസത്തിനകം ഉടമസ്ഥത മാറ്റി എടുക്കാത്ത പക്ഷം 500 രൂപ പിഴ അടക്കേണ്ടതാണ്.*

2. പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥ സംവിധാനം ചുമതലകൾ

- **ഗ്രാമപഞ്ചായത്ത് സെക്രട്ടറി:** ഓഫീസ് മേധാവി, ജനന-മരണ-വിവാഹ രജിസ്ട്രാർ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (പഞ്ചായത്ത് ഇലക്ഷൻ)
- **അസിസ്റ്റന്റ് സെക്രട്ടറി:** കുടുംബശ്രീ മെമ്പർ സെക്രട്ടറി, സബ് രജിസ്ട്രാർ - ജനന-മരണ രജിസ്ട്രേഷൻ
- **ഹെഡ് ക്ലർക്ക്:** മേൽനോട്ട ചുമതല
- **അക്കൗണ്ടന്റ് (Acc സെക്ഷൻ):** ഗ്രാമപഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ തയ്യാറാക്കൽ
- S1 **സെക്ഷൻ:**, ക്യാഷ്യർ, വാഹനം, ഓഡിറ്റ്, വിവരാവകാശം, പാൻഡിംഗ് തപാൽ, , ഇലക്ഷൻ, സിവിൽ രജിസ്ട്രേഷൻ, തൊഴിൽ നികുതി,
- S2 **സെക്ഷൻ:**, , ലൈഫ് മിഷൻ, പ്ലാൻ, കമ്മിറ്റി എൻട്രി, സുഭിക്ഷകേരളം, MGNREGA,
- S3 **സെക്ഷൻ:** എസ്റ്റാബ്ലിഷ്മെന്റ് , ബിൽഡിംഗ് പെർമിറ്റ്.
- C1 **സെക്ഷൻ:** കോവിഡ് 19, ലേലം, വാടക,1 2, 3,5, 4 വാർഡുകളുടെ ചുമതല,1 2, 3,5, 4 വാർഡുകളുടെ മഴക്കാലപൂർവ്വ ശുചീകരണം, ദുരന്തനിവാരണം,പരാതി,E-DIST,CMO PORTAL,
- C2 **സെക്ഷൻ: 13,16,17,18,19** വാർഡുകളുടെ ചുമതല, ഡെസ്പാച്ച്, സ്റ്റാമ്പ് അക്കൗണ്ട്സ്, , 4, 5, 10 വാർഡുകളുടെ മഴക്കാലപൂർവ്വ ശുചീകരണം, പെൻഷൻ, തൊഴിൽ രഹിത വേതനം
- C3 **സെക്ഷൻ:** ലൈസൻസ്, 8, 9,10, 11, 14 വാർഡുകളുടെ ചുമതല, 8, 9,10, 11, 14 വാർഡുകളുടെ മഴക്കാലപൂർവ്വ ശുചീകരണം
- C4 **സെക്ഷൻ:**, സുതാര്യ കേരളം, റവന്യൂ അദാലത്ത്, 6,7, 12, 15 വാർഡുകളുടെ ചുമതല, , , 6,7, 12, 15 വാർഡുകളുടെ മഴക്കാല പൂർവ്വ ശുചീകരണം,CONTINGENT CHARGES,
- HEALTH INSPECTOR: മാലിന്യ നിർമാർജ്ജനം, ആരോഗ്യം, മറ്റുള്ളവ

4. ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ

ഓഫീസ് വിവരങ്ങൾ

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ഷൌലത്ത്. ഇ.കെ. |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | മുഹമ്മദ്അലി തൊട്ടുകര |
| 3 | ഹെഡ് ക്ലാർക്ക് | സ്വേത.എം |
| 4 | അക്കൗണ്ടന്റ് | ജിഷ.യു. |
| 5 | സീനിയർ ക്ലാര്ക്ക് | ഹസൈനാർ.ടി |
| 6 | സീനിയർ ക്ലാര്ക്ക് | അഖില.കെ |
| 7 | സീനിയർ ക്ലാര്ക്ക് | ഗീതാ ദേവി.എ.എം. |
| 8 | ക്ലാര്ക്ക് | അജിത്.പി. |
| 9 | ക്ലാര്ക്ക് | ദീപ്തി.പി |
| 10 | ക്ലാര്ക്ക് | ബിന്ദു.പി |
| 11 | ക്ലാര്ക്ക് | ഉസ്മാൻ.കെ. |
| 10 | ഡ്രൈവർ | അബ്ദുമനാഫ്.കെ.പി. |
| 11 | ഓഫീസ് അറ്റൻഡന്റ് | ജുനൈദ്.കെ |
| 12 | പാർട്ട് ടൈം സ്വീപ്പർ | ഒഴിവ് |
| 13 | ടെക്നിക്കൽ അസിസ്റ്റന്റ് | ജിഷ്ണു.കെ.എം |
| 14 | പ്രോജക്ട് അസിസ്റ്റന്റ് | മുഹമ്മദ് ഷരീഫ്.കെ.ടി |
| 15 | പാർട്ട് ടൈം ലൈബ്രേറിയൻ | ഒഴിവ് |
| 16 | യൂത്ത് കോഓർഡിനേറ്റർ | അബൂബക്കർ സിദ്ധിഖ് |
| 17 | എസ്.സി.പ്രൊമോട്ടർ | പ്രവീൺ |
| 18 | സാക്ഷരതാ പ്രേരക് | നഫീസ.കെ.പി |
| 19 | അസിസ്റ്റന്റ് പ്രേരക് | സുലൈഖ.പി |
| 20 | അസിസ്റ്റന്റ് പ്രേരക് | ഹഫ്സത്ത്.ടി.പി |
| 21 | ഹെൽത്ത് ഇൻസ്പെക്ടർ | മുഹമ്മദ് ആഷിഖ്.കെ.എ |

5. എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | അക്രഡിറ്റഡ് എഞ്ചിനീയർ | ഹാരിസ്.പി.വി |
| 2 | അക്രഡിറ്റഡ് ഓവർസിയർ | ശരണ്യ |
| 3 | ഓവർസിയർ | മുഹമ്മദ് നിഷത്ത് |
| 4 | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | അബ്ദുൽ അലി |
| 5 | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ദിവ്യ |

6. കുടുംബശ്രീ ഓഫീസ്

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|

| | | |
|---|---|---|
| 1 | ചെയർപേഴ്സൺ | രേഷ്മ |
| 2 | വൈസ് ചെയർപേഴ്സൺ | റംലാബി |
| 3 | അക്കൗണ്ടന്റ് | മുംതാസ് |
| | | |

7. **എഞ്ചിനീയറിംഗ് വിഭാഗം**

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | നിത.പി |
| 2 | ഓവർസിയർ | രമേഷ് |
| 3 | ഓവർസിയർ | ഷൈനി.ടി.കെ. |

8. **കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ**

| ക്രമ നമ്പർ | സ്ഥാപനം | മേധാവി / തസ്തിക |
|---|---|---|
| 1 | കൃഷി ഓഫീസ് | ലിനി.ജി (കൃഷി ഓഫീസർ) |
| 2 | പ്രൈമറി ഹെൽത്ത് സെന്റർ | ഡോ. ഷിഹാബുദ്ധീൻ.വി.പി. (മെഡിക്കൽ ഓഫീസർ) |
| 3 | വെറ്ററിനറി ഹോസ്പിറ്റൽ | ഡോ. നൌഫൽ.ഇ.വി. (സീനിയർ വെറ്ററിനറി സർജൻ) |
| 4 | ആയുർവേദ ഡിസ്പെൻസറി | ഡോ. ബുഷ്റ.ഒ (സീനിയർ മെഡിക്കൽ ഓഫീസർ) |
| 5 | ഹോമിയോ ഡിസ്പെൻസറി | ഡോ. സജീല.പി (മെഡിക്കൽ ഓഫീസർ) |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | ആശ.പി (എൽ.വി.ഇ.ഒ) |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | സരിത.കെ.വി. (എൽ.വി.ഇ.ഒ) |
| 8 | ഐ.സി.ഡി.എസ് | മഹീദ.പി (ഐ.സി.ഡി.എസ് സൂപ്പർവൈസർ) |
| 9 | ജി.യു.പി.എസ് ചെങ്ങര | ഉണ്ണികൃഷ്ണൻ.ഒ.കെ. (ഹെഡ്മാസ്റ്റർ) |
| 10 | ജി.എൽ.പി.എസ് ചെങ്ങര | (ഹെഡ്മാസ്റ്റർ) |
| 11 | ജി.എൽ.പി.എസ് കാവന്നൂർ | (ഹെഡ്മാസ്റ്റർ) |
| 12 | ജി.എൽ.പി.എസ് തവരാപ്പറമ്പ് | (ഹെഡ്മാസ്റ്റർ) |

9.